**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4622** — **02-07-2024 - ൽ മറുപടിയ്ക്ക്**

**ആർ.കെ.ഡി.പി. പ്രകാരം പുനരധിവാസത്തിനുള്ള തുക നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ആർ.കെ.ഡി.പി. പദ്ധതി പ്രകാരം വനാതിർത്തിയിലുള്ള മലയോര പ്രദേശത്തുനിന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന സ്കീമിൽ ഗുണഭോക്താക്കളായ കോന്നി ഡിവിഷൻ നടുവത്തുമുഴി റേഞ്ച് കൊക്കത്തോട് അപ്പൂപ്പൻതോട് നിവാസികൾക്ക് എഗ്രിമെന്റ് ഒപ്പിട്ട് പ്രമാണം നടത്തി രണ്ടുവർഷമായിട്ടും പുനരധിവാസത്തിനുള്ള തുക അനുവദിച്ച് നൽകാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>ആർ.കെ. ഡി.പി. നവകിരണം സ്വയംസന്നദ്ധപുനരധിവാസ പദ്ധതിയുടെ അംഗീകൃതമാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ആയി കോന്നി ഡിവിഷനിലെ നടുവത്തുമുഴി റേഞ്ച് കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികളുടെ ഭൂമി സർക്കാരിലേക്ക് കൈമാറുന്നതിന് ടി നിവാസികൾ സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് നവ കിരണം പദ്ധതിയുടെ അംഗീകൃത മാർഗരേഖ പ്രകാരം അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ നവകിരണം പദ്ധതിയുടെ ആദ്യഘട്ട ഭരണാനുമതി പ്രകാരം അനുവദിച്ച തുകയിൽ പദ്ധതിയുടെ പ്രവർത്തനം നിജപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ നിലവിൽ സംസ്ഥാനത്ത് ടി പദ്ധതിയിൽ ഗുണഭോക്താക്കളായവരും (ഒന്നാം ഗഡുലഭിച്ചവർ) രണ്ടാം ഗഡുവിന് അർഹതപ്പെട്ടവരുമായ കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള തുക മാത്രമാണ് ടി പദ്ധതിയിൽ നീക്കിയിരുപ്പ് ഉള്ളത്.<br><br>അതേ സമയം കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികൾ അവരുടെ ഭൂമി സർക്കാരിലേക്ക് കൈമാറുകയോ പ്രമാണം നടത്തുകയോ ചെയ്തിട്ടില്ല. ടി നിവാസികളുടെ ഭൂമി ഏറ്റെടുക്കുന്നതോ, തുക അനുവദിക്കുന്നതോ സംബന്ധിച്ച വിഷയം ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ പരിഗണനയിലില്ല. |
| (ബി) | എത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചു നൽകാനുള്ളത്; ഓരോരുത്തർക്കും എത്ര തുകവീതമാണ് നൽകാനുള്ളത്; തുക വിതരണം | (ബി) | ഉണ്ട്.<br><br>ആർ.കെ. ഡി.പി. നവകിരണം സ്വയംസന്നദ്ധപുനരധിവാസ പദ്ധതിയുടെ അംഗീകൃതമാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | | ഗുണഭോക്താക്കൾ ആയി കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ച് കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികളുടെ ഭൂമി സർക്കാരിലേക്ക് കൈമാറുന്നതിന് ടി നിവാസികൾ സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് നവ കിരണം പദ്ധതിയുടെ അംഗീകൃത മാർഗരേഖ പ്രകാരം അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ നവകിരണം പദ്ധതിയുടെ ആദ്യഘട്ട ഭരണാനുമതി പ്രകാരം അനുവദിച്ച തുകയിൽ പദ്ധതിയുടെ പ്രവർത്തനം നിജപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ നിലവിൽ സംസ്ഥാനത്ത് ടി പദ്ധതിയിൽ ഗുണഭോക്താക്കളായവരും (ഒന്നാം ഗഡുലഭിച്ചവർ) രണ്ടാം ഗഡുവിന് അർഹതപ്പെട്ടവരുമായ കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള തുക മാത്രമാണ് ടി പദ്ധതിയിൽ നീക്കിയിരുപ്പ് ഉള്ളത്.<br><br>അതേ സമയം കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികൾ അവരുടെ ഭൂമി സർക്കാരിലേക്ക് കൈമാറുകയോ പ്രമാണം നടത്തുകയോ ചെയ്തിട്ടില്ല. ടി നിവാസികളുടെ ഭൂമി ഏറ്റെടുക്കുന്നതോ, തുക അനുവദിക്കുന്നതോ സംബന്ധിച്ച വിഷയം ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ പരിഗണനയിലില്ല. |
| (സി) | സർക്കാർ പദ്ധതിയുടെ ഭാഗമായി കരാറിൽ ഏർപ്പെട്ട പ്രസ്തുത നിവാസികൾക്ക് പുനരധിവാസത്തിനുള്ള തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്.<br><br>ആർ.കെ. ഡി.പി. നവകിരണം സ്വയംസന്നദ്ധപുനരധിവാസ പദ്ധതിയുടെ അംഗീകൃതമാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ആയി കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ച് കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികളുടെ ഭൂമി സർക്കാരിലേക്ക് കൈമാറുന്നതിന് ടി നിവാസികൾ സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് നവ കിരണം പദ്ധതിയുടെ അംഗീകൃത മാർഗരേഖ പ്രകാരം അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ നവകിരണം പദ്ധതിയുടെ ആദ്യഘട്ട ഭരണാനുമതി പ്രകാരം അനുവദിച്ച തുകയിൽ പദ്ധതിയുടെ പ്രവർത്തനം നിജപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ നിലവിൽ സംസ്ഥാനത്ത് ടി പദ്ധതിയിൽ ഗുണഭോക്താക്കളായവരും (ഒന്നാം ഗഡുലഭിച്ചവർ) രണ്ടാം ഗഡുവിന് അർഹതപ്പെട്ടവരുമായ കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള തുക മാത്രമാണ് ടി പദ്ധതിയിൽ നീക്കിയിരുപ്പ് ഉള്ളത്. |

| | | | |
|---|---|---|---|
| | | | അതേ സമയം കൊക്കാത്തോട് അപ്പൂപ്പൻതോട് നിവാസികൾ അവരുടെ ഭൂമി സർക്കാരിലേക്ക് കൈമാറുകയോ പ്രമാണം നടത്തുകയോ ചെയ്തിട്ടില്ല. ടി നിവാസികളുടെ ഭൂമി ഏറ്റെടുക്കുന്നതോ, തുക അനുവദിക്കുന്നതോ സംബന്ധിച്ച വിഷയം ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ